**പതിനാലാം കേരള നിയമസഭ**
**നാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2110 | 07.03.2017 ൽ മറുപടിക്ക്

## ആർദ്രം മിഷൻ

| ചോദ്യം<br>ശ്രീ.സി. ദിവാകരൻ | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് എല്ലാ സർക്കാർ ആശുപത്രികളിലും ആർദ്രം മിഷൻ നടപ്പിലാക്കിയിട്ടുണ്ടോ; | (എ) | 14 ജില്ലകളിലെ 17 ജില്ലാതല ആശുപത്രികളിൽ അധിക തസ്തിക അനുവദിക്കുന്നതിനുള്ള പ്രൊപ്പോസലും, 75 താലൂക്ക്തല ആശുപത്രികളിൽ അധിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസലും പരിഗണനയിലാണ്.<br><br>സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്ന ആർദ്രം മിഷന്റെ, ലക്ഷ്യങ്ങളിൽ ഒന്നാണ് പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുക എന്നത്. ഇതിന്റെ, പ്രഥമ ഘട്ടമെന്ന നിലയ്ക്ക് സംസ്ഥാനത്തെ റവന്യൂ/വികസന ബ്ലോക്കുകളിൽ നിന്ന് 170 പി.എച്ച്.സി കളെ കുടുംബാരോഗ്യകേന്ദ്രങ്ങളാക്കി മാറ്റുന്നതിനും അവിടെ അധിക തസ്തിക സൃഷ്ടിക്കുന്നതിനുമുള്ള പ്രൊപ്പോസൽ പരിഗണനയിലാണ്. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള എല്ലാ മെഡിക്കൽ കോളേജുകളിലും ആർദ്രം പദ്ധതി നടപ്പിലാക്കുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. |
| (ബി) | ആർദ്രം മിഷന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (ബി) | കേരളത്തിന്റെ ആരോഗ്യ രംഗത്തെ എല്ലാതലത്തിലും രോഗീ സൗഹൃദമാക്കുന്നതിനും ഗുണമേന്മയുള്ള ആരോഗ്യ സേവനങ്ങൾ ഉറപ്പാക്കുന്നതിനും ആർദ്രം ദൗത്യം വഴി സംസ്ഥാന സർക്കാർ ലക്ഷ്യമിടുന്നു. ആർദ്രം മിഷന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.<br><br>◆ ആശുപത്രികളിൽ വരുന്ന രോഗികൾക്ക് ഗുണമേന്മയുള്ളതും സൗഹൃദപരവുമായ സേവനം ഉറപ്പാക്കുക. |

| | | | |
|---|---|---|---|
| | | | ◆ ജില്ലാ താലൂക്ക് ആശുപത്രികളിൽ സ്പെഷ്യാലിറ്റി/സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങൾ ലഭ്യമാക്കുക.<br>◆ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി പ്രവർത്തന മേഖല വിപുലപ്പെടുത്തുക.<br>◆ ആശുപത്രികളിൽ രോഗികൾക്ക് ചികിത്സാമാർഗ രേഖകളുടെ അടിസ്ഥാനമാക്കി മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുക.<br>◆ ആരോഗ്യ നിർണ്ണയ ഘടകങ്ങളുടെ പരിഹാരത്തിനും ആരോഗ്യരംഗത്തെ ഫലപ്രദമായ ഇടപെടലിനുമായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉറപ്പു വരുത്തുക.<br>മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള ആശുപത്രികളിൽ ഒ.പി.സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായാണ് ആർദ്രം പദ്ധതിയിൽ പ്രൊപ്പോസൽ നൽകിയതും 5181.84 ലക്ഷം രൂപക്ക് ഭരണാനുമതി നൽകിയതും. ഇതിലൂടെ ഒ.പിയിൽ വരുന്ന രോഗികൾക്ക് മെച്ചപ്പെട്ട പ്രാഥമിക സൗകര്യങ്ങൾ ഏർപ്പെടുത്തുക എന്നതാണ് ഉദ്ദേശിക്കുന്നത്. |
| (സി) | ആർദ്രം മിഷന്റെ പ്രവർത്തന പുരോഗതി വിലയിരുത്താൻ ആരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്; | (സി) | സംസ്ഥാനതലത്തിൽ ആർദ്രം മിഷന്റെ പുരോഗതി ഗവൺമെന്റ് തലത്തിൽ നേരിട്ട് വിലയിരുത്തിവരുന്നുണ്ട്. |
| (ഡി) | നിലവിലുള്ള പി.എച്ച്.സി.കളിൽ ആർദ്രം മിഷന്റെ ഭാഗമായി കുടുംബാരോഗ്യ കേന്ദ്രങ്ങൾക്കനുസൃതമായ സൗകര്യങ്ങൾ ഒരുക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (ഡി) | കേരള സർക്കാർ പ്രഖ്യാപിച്ച ആർദ്രം മിഷനിൽ ഘട്ടംഘട്ടമായി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങളും ഉൾക്കൊള്ളിച്ചിട്ടുണ്ട്. പ്രാഥമികാരോഗ്യ പരിചരണത്തിന്റെ പ്രധാനഘടകമായ പി.എച്ച്.സികളും, ഉപകേന്ദ്രങ്ങളും രോഗാതുരതയിലുണ്ടായ മാറ്റത്തിനും ജനങ്ങളുടെ ആരോഗ്യ ആവശ്യങ്ങൾ നിറവേറ്റുന്ന രീതിയിൽ വിപുലപ്പെടുത്തും. മാതൃശിശു ആരോഗ്യ കാര്യങ്ങൾക്കും, പകർച്ചവ്യാധി പ്രതിരോധത്തിനുമൊപ്പം രക്തസമ്മർദ്ദം, പ്രമേഹം ഉൾപ്പടെ |

| | | | |
|---|---|---|---|
| | | | ജീവിതശൈലി രോഗപ്രതിരോധത്തിനും നിയന്ത്രണത്തിനും ഊന്നൽ നൽകുന്നവയായി അവയെ മാറ്റുന്നതാണ്. കുടുംബ ഡോക്ടർ തലത്തിലേക്ക് ഈ മേഖലയിലെ ഡോക്ടർമാരെ മാറ്റുന്നതിനും അവരുടെ കഴിവും, അറിവും വർദ്ധിപ്പിക്കുന്നതിനുമായി പരിശീലനങ്ങളും, കോഴ്സുകളും നടത്തുന്നതാണ് ഈ സെന്ററുകളിൽ ലാബ് സൗകര്യങ്ങളും സജ്ജമാക്കും. |

സെക്ഷൻ ഓഫീസർ